ഉത്തരം

(എ) ഉണ്ട്.

(ബി) നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

കോഴിക്കോട് ജില്ലയിലെ മൈസൂർമല മായങ്ങൽ പട്ടികവർഗ്ഗ കോളനിയിലെ തോട്ടക്കയം രാമന്റെ ഭാര്യ മണിയുടെ ഒന്നര ഏക്കർ സ്ഥലം പോബ്സൺ എന്ന കമ്പനി കയ്യേറി കരിങ്കൽ ക്വാറി നടത്തിക്കൊണ്ടിരിക്കുകയാണെന്ന് കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പോബ്സൺ കമ്പനി ക്വാറി നടത്തുന്നത് കൊടിയത്തൂർ വില്ലേജിലെ പന്നിക്കോട് ദേശത്ത് റീസർവ്വേ നമ്പർ 172-ൽ ഉൾപ്പെടുന്ന പ്രദേശത്താണെന്ന് കാരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോബ്സൺ കമ്പനി ക്വാറി നടത്തുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ പരിശോധിച്ച് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി കയ്യേറിയതിനെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂവകുപ്പ് അധികൃതരോടും അനധികൃത ക്വാറിയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്ന് മൈനിംഗ് &ജിയോളജി വകുപ്പ് അധികൃതരോടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മാനന്തവാടി താലൂക്ക് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ വാളാരംകുന്ന് കാട്ടുനായ്ക്ക കോളനിയോട് ചേർന്ന് കോളനിസ്ഥലത്ത് നടത്തുന്ന ക്വാറിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന്വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുള്ളതായി മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസി കുട്ടികളെ അനാഥാലയങ്ങളിലേക്ക് കൊണ്ടുപോകുന്ന സംഭവം

229 (6680) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക്ചബാംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി കോളനികളിൽനിന്നും കുട്ടികളെ സംസ്ഥാനത്തെ വിവിധ അനാഥാലയങ്ങളിലേക്ക് കൊണ്ടുപോകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കുട്ടികളെ ഇപ്രകാരം കൊണ്ടുപോയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; ഏവിടെയെല്ലാം കൊണ്ടുപോയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) കുട്ടികളെകൊണ്ടു പോകുന്നത് ഐ.ടി.ഡി.പി.യുടെ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; പ്രസ്തുതവിവരം വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അട്ടപ്പാടിയിൽ കുട്ടികളുടെ പഠനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഉള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) അട്ടപ്പാടിയിലെ ആദിവാസികളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന്റെ കൈവശമുള്ള കണക്ക് ഏത് വർഷത്തെ സെൻസസിൽ ശേഖരിച്ചതാണ് ; അതുപ്രകാരമുള്ള ജനസംഖ്യ എത്രയാണ് ;

(എഫ്) ഏറ്റവും പുതിയ സെൻസസ് നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) മാധ്യമങ്ങളിൽ ഇപ്രകാരം വാർത്തകൾ വരുന്നുണ്ടെങ്കിലും അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽനിന്നും കുട്ടികളെ കടത്തുന്നില്ലായെന്ന് അട്ടപ്പാടി ഐ.റ്റി.ഡി.പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുട്ടികളെ കൊണ്ടുപോകുന്നില്ലായെന്ന് ഐ.റ്റി.ഡി.പി. അധികൃതർ അറിയിച്ചിട്ടുണ്ട്.

(ഡി) അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസിനു കീഴിൽ 16 പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലിൽ അഡ്മിഷനായി വരുന്ന കുട്ടികൾക്കെല്ലാം പ്രവേശനം നൽകാറുണ്ട്. ഈ വർഷം ഇതിനോടകംതന്നെ 1365 കുട്ടികളെ പ്രവേശിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ പിണ്ടക്കിയിൽ 210 കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനുവേണ്ടി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും പ്രവർത്തിച്ചുവരുന്നുണ്ട്. 2014-15 സാമ്പത്തികവർഷം ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അനുവദിക്കുകയും ടി ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിലെ ഊരുകളിൽ നിന്നുള്ള നിരവധി കുട്ടികൾ സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും വിവിധ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിച്ചുവരുന്നുണ്ട്. പത്താംതരത്തിൽ തോറ്റ വിദ്യാർത്ഥികളെ കണ്ടെത്തി തുടർന്ന് പഠിപ്പിക്കുന്ന 'ഗുരുകുലം' എന്ന പദ്ധതി പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങളായ മേശ, കസേര, ബുക്ക്, പേന, ബാഗ്, കുട എന്നിവ സൗജന്യമായി നൽകിവരുന്നുണ്ട്.

(ഇ) 2008-ൽ പട്ടികവർഗ്ഗ വികസനവകുപ്പ് കിലയുമായി സംയുക്തമായി ചേർന്ന് നടത്തിയ സർവ്വേയിൽ 30,460 പട്ടികവർഗ്ഗക്കാർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly